**വ്യക്തിപരമായ വിശദീകരണം**

അപകീർത്തികരമായ പരാമർശം

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ശ്രീമതി കെ. കെ. രമയ്ക്ക് റൂൾ 288 പ്രകാരമുള്ള വ്യക്തിപരമായ വിശദീകരണം നൽകാവുന്നതാണ്.

ശ്രീമതി കെ. കെ. രമ: സർ, 12-06-2024-ന് നടന്ന ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട ചർച്ചയിൽ ബഹുമാനപ്പെട്ട കൊയിലാണ്ടി അംഗം ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുന്ന സമയത്ത് ' ഇത് പറയുമ്പോൾ ആർ.എം.പി. നേതാവ് കൂടിയായ നമ്മുടെ എം.എൽ.എ. കൂടി കൈകൊട്ടി ചിരിക്കുന്ന രീതിയിലായിരുന്നു.' എന്ന് ആരോപിക്കുകയുണ്ടായി. ലോകസഭാ തിരഞ്ഞെടുപ്പിനുശേഷം വടകരയിൽ നടന്ന ഒരു പരിപാടിയുമായി ബന്ധപ്പെട്ട ഒരു കാര്യത്തിലാണ് ഇത്തരത്തിലൊരു സംസാരമുണ്ടായത്. ആ പരിപാടിയിൽ ഞാൻ പങ്കെടുത്തിട്ടില്ലെന്ന് മാത്രമല്ല, അസുഖം കാരണം ഞാൻ ആ സ്ഥലത്തുപോലും ഉണ്ടായിരുന്നില്ല. ഈ ആരോപണം ഒരു വനിത നിയമസഭാംഗം എന്ന നിലയിലുള്ള എന്റെ സത്സ്വഭാവത്തെ ചോദ്യം ചെയ്യുന്നതാണ്. അതുകൊണ്ടാണ് ഒരു പൊതുപ്രവർത്തക എന്ന നിലയിലും

വടകര നിയോജകമണ്ഡലെ ജനങ്ങളുടെ പ്രതിനിധി എന്ന നിലയിലും ഈ അപകീർത്തിപരമായ പ്രസ്താവനയിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 288 പ്രകാരമുള്ള വ്യക്തിപരമായ വിശദീകരണം നടത്തിയത്. ടി പ്രസ്താവന ചട്ടം 307 പ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

മി. സ്പീക്കർ : അത് പരിശോധിക്കാം.+

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 11092/ ഇ.ബി./2024/ലെജി. തീയതി 27-06-2024) സഭാരേഖകളിൽ നിലനിർത്തി.